"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെന്റ് & ഇന്നവേഷൻ) വകുപ്പ്-കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)- വിജ്ഞാന കേരളം പദ്ധതി- മണ്ണ് പര്യവേക്ഷണ ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ.രമേഷ്.പി-യെ കോട്ടയം ജില്ലയിലെ വിജ്ഞാന കേരളം പദ്ധതിയിൽ ജില്ലാ മിഷൻ കോർഡിനേറ്ററായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെന്റ് & ഇന്നവേഷൻ) വകുപ്പ്**

സ.ഉ.(സാധാ) നം.53/2025/PLG&EA (DVPMT & INNOVATION) തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:- 1. സ.ഉ.(കൈ)നം.179/2024/LSGD തീയതി, 19.12.2024

2. സ.ഉ.(സാധാ)നം.445/2025/LSGD തീയതി, 12.02.2025

3. സ.ഉ.(കൈ)നം. 1/2025/PLG&EA (DVPMT& INNOVATION) തീയതി, 17.05.2025

**ഉത്തരവ്**

'വിജ്ഞാന പത്തനംതിട്ട' എന്ന പേരിൽ ആരംഭിച്ച സമഗ്ര തൊഴിൽദാന പൈലറ്റ് പദ്ധതിയുടെ വിജയത്തെ തുടർന്ന് പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി, കെ-ഡിസ്ക്-നു കീഴിൽ 'വിജ്ഞാന കേരളം' എന്ന പേരിൽ വിപുലീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു. വിജ്ഞാന കേരളം കർമ്മപദ്ധതിയുടെ പ്രവർത്തനരൂപരേഖ പരാമർശം 1 പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം 2 പ്രകാരം, വിജ്ഞാനകേരളം സംസ്ഥാന കൗൺസിൽ രൂപീകരിച്ചുകൊണ്ടും സംസ്ഥാനതലത്തിലേയും ജില്ലാതലത്തിലേയും അംഗങ്ങളെ നിശ്ചയിച്ചുകൊണ്ടും ഉത്തരവായിരുന്നു. അതിൻപ്രകാരം എല്ലാ ജില്ലകളിലും ജില്ലാ മിഷൻ കോർഡിനേറ്റർമാരെ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് വിജ്ഞാന കേരളം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി കെ-ഡിസ്ക് രൂപം നൽകുന്ന പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന് (പി.എം.യു.) കീഴിൽ 14 ജില്ലാ മിഷൻ കോർഡിനേറ്റർമാരെ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ്/ കരാർ വ്യവസ്ഥയിൽ വിന്യസിക്കുന്നതിന് കെ-ഡിസ്കിന്റെ പി.എം.യു-ൽ ജില്ലാ മിഷൻ കോർഡിനേറ്റർമാരുടെ 14 താൽക്കാലിക തസ്തികകൾ ഒരു വർഷത്തേയ്ക്ക് സൃഷ്ടിച്ചുകൊണ്ട് പരാമർശം 3

പ്രകാരം ഉത്തരവാകുകയുണ്ടായി.

2. ശ്രീ.രമേഷ്.പി (PEN:641667), ഡെപ്യൂട്ടി ഡയറക്ടർ (മണ്ണ് പര്യവേക്ഷണം)-യെ കോട്ടയം ജില്ലയിലെ വിജ്ഞാന കേരളം പദ്ധതിയിൽ ജില്ലാ മിഷൻ കോർഡിനേറ്ററായി സേവനമനുഷ്ഠിക്കുന്നതിന് സമ്മതപത്രവും ടി ഉദ്യോഗസ്ഥനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് മാതൃവകുപ്പിന്റെ നിരാക്ഷേപപത്രവും ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡെപ്യൂട്ടി ഡയറക്ടർ (മണ്ണ് പര്യവേക്ഷണം), ദക്ഷിണമേഖല, തിരുവനന്തപുരം, ശ്രീ.രമേഷ്.പി-യെ കോട്ടയം ജില്ലയിലെ വിജ്ഞാന കേരളം പദ്ധതിയിൽ ജില്ലാ മിഷൻ കോർഡിനേറ്ററായി അന്യത്ര സേവനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

4. മേൽ ഉദ്യോഗസ്ഥൻ, മാതൃ വകുപ്പിൽ നിന്ന് വിടുതൽ വാങ്ങി കെ-ഡിസ്ക് മെമ്പർ സെക്രട്ടറി മുൻപാകെ അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ.എം.എബ്രഹാം
EX-OFFICIO SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്

ശ്രീ.രമേഷ്.പി, ഡെപ്യൂട്ടി ഡയറക്ടർ( മണ്ണ് പര്യവേക്ഷണം),സതേൺ റീജിയൻ,ലക്ഷ്മി ഭായി ട്രസ്റ്റ് ബിൽഡിങ്ങ്,പദ്മവിലാസം റോഡ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), (ആഡിറ്റ് -I & II), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സ്പെഷ്യൽസെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കെ -ഡിസ്ക്
ഡയറക്ടർ, മണ്ണ് പര്യവേക്ഷണ- മണ്ണ് സംരക്ഷണ വകുപ്പ്

കൃഷി (ഇ.എ)/ (ഇ.ബി) വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ (എ/ഡി) വകുപ്പ്

ധനകാര്യ (പ്ലാനിംഗ്-ബി/ എക്സ്പെൻഡിച്ചർ/ബജറ്റ് വിംഗ്-ഡി) വകുപ്പ്
വിവര & പൊതുജന സമ്പർക്ക (Web & New Media) വകുപ്പ് (വെബ്സൈറ്റ് പ്രസധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ ഫയൽ നം DI-A3/2/2025-PLGEA.DVPMT INV)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്